പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5121 27.07.2015 ൽ മറുപടിയ്ക്ക്

## ജില്ലാ-സംസ്ഥാന സ്കൂൾ യുവജനോത്സവം, കായിക, ശാസ്ത്ര-ഗണിത മേളകൾ

| ചോദ്യം<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ജില്ലാ-സംസ്ഥാന സ്കൂൾ യുവജനോത്സവം, കായികമേള, ശാസ്ത്ര-ഗണിത മേള എന്നിവയിൽ വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന യുവജനോത്സവത്തിലും ശാസ്ത്ര ഗണിത മേളകളിലും എ.ബി.സി ഗ്രേഡ് കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്ക് എസ്.എസ്.എൽ.സി, പ്ലസ് വൺ, പ്ലസ് ടു പരീക്ഷകളിൽ യഥാക്രമം 30, 24, 18 മാർക്കുകൾ ഗ്രേസ് മാർക്കായി നൽകുന്നു. ഓരോ മത്സരത്തിലും ആദ്യം മൂന്ന് സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 2000, 1600, 1200 രൂപ ക്യാഷ് അവാർഡും നൽകുന്നു<br>സംസ്ഥാന തലത്തിൽ ശാസ്ത്ര വിഭാഗത്തിലെ ടാലന്റ് സെർച്ച് പരീക്ഷ, ക്വിസ് മത്സരം, ഗണിതശാസ്ത്ര വിഭാഗത്തിലെ ക്വിസ് മത്സരം എന്നിവയിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഗ്രേസ് മാർക്കും പ്രോത്സാഹന സമ്മാനമായി പുസ്തകവും നൽകുന്നു.<br>സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കലകളിൽ ശോഭിക്കുന്നവരും വാർഷിക വരുമാനം 75,000/- രൂപയിൽ താഴെയുള്ളവരും ഉപജില്ലാ കലോൽസവത്തിൽ പങ്കെടുത്ത് ജില്ലാ തലത്തിൽ മത്സരിക്കാൻ യോഗ്യത നേടുകയും ചെയ്യുന്നവരായ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളിൽ ഓട്ടൻതുള്ളൽ, ഭരതനാട്യം, കഥകളി, കുച്ചിപ്പുടി, മോഹിനിയാട്ടം, നാടോടി നൃത്തം എന്നീ ഇനങ്ങളിൽ പ്രതിഭ തെളിയിക്കുന്നവർക്ക് 10,000/- രൂപ വീതം ധനസഹായം നൽകുന്നു. |

......2

കായികമേളയിൽ സംസ്ഥാനതല അക്വാട്ടിക്സ് മത്സരങ്ങളിൽ ആദ്യ മൂന്ന്സ്ഥാനം നേടുന്നവർക്ക് യഥാക്രമം 600, 500, 400 രൂപയും, അത്‌ലറ്റിക്സ് മത്സരത്തിൽ 750, 625, 500 രൂപയും ഗെയിംസിന് 375, 250, 125 രൂപയും ക്യാഷ് അവാർഡ് നൽകുന്നു. പ്രസ്തുത മത്സരങ്ങളിൽ ആദ്യ മൂന്ന് സ്ഥാനം ലഭിക്കുന്നവർക്ക് എസ്.എസ്.എൽ.സി, പ്ലസ് വൺ, പ്ലസ് ടു പരീക്ഷകളിൽ യഥാക്രമം എഴുത്തു പരീക്ഷയുടെ 5%, 4%, 3%, ഗ്രേസ് മാർക്കും 4 മുതൽ 6 സ്ഥാനം നേടുന്നവർക്ക് 2% ഗ്രേസ് മാർക്കും നൽകുന്നു.

(ബി) പ്രസ്തുത മേളകളിൽ വിജയം കൈവരിക്കുന്നവർക്ക് തുടർ മത്സരങ്ങളിൽ പങ്കെടുക്കാൻ ശാസ്ത്രീയമായ പരിശീലനം നൽകുന്നതിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ വ്യക്തമാക്കുമോ;

(ബി) ദേശീയ അന്തർദേശീയ കായികമേളയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് സംസ്ഥാന തലത്തിൽ പരിശീലനം നൽകാറുണ്ട്.

(സി) പ്രസ്തുത മേളകളിൽ മികവ് പുലർത്തുന്നവർക്കുള്ള ആനുകൂല്യങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(സി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ